(സി) ബ്ലേഡ് മാഫിയകളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് ആരംഭിച്ച പദ്ധതികൾ കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര നടപ്പിലാക്കിയിട്ടും ബ്ലേഡ് മാഫിയകളുടെ ഭീഷണിയും പീഡനവുംമൂലം ആത്മഹത്യകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ബ്ലേഡ് മാഫിയയുടെ ചൂഷണത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ ഇത്തരക്കാരുടെ താവളങ്ങളിൽ റെയ്ഡുകൾ നടത്തി രേഖകളും മറ്റും കണ്ടെടുത്ത് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജനമൈത്രി പോലീസിലൂടെയും റസിഡന്റ്സ് അസോസിയേഷനുകളിലൂടെയും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തിയും വരുന്നു.

(സി) ബ്ലേഡ് മാഫിയകളിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് ആരംഭിച്ച 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഓപ്പറേഷൻ കുബേര നടപ്പിലാക്കിയതിനുശേഷം നിരവധി കേസ്സുകൾ എടുക്കുകയും നിരവധി രേഖകൾ പിടിച്ചെടുക്കുകയും പ്രതികളെ അറസ്റ്റ് ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു.

ഓപ്പറേഷൻ കുബേര

200 (3021) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടവർക്കെതിരെ ഏതെല്ലാം വകുപ്പുകളാണ് ചുമത്തിയിട്ടുള്ളത് ; "കാപ്പ" ചുമത്തിയിട്ടുണ്ടോ ;

(ബി) ഓപ്പറേഷൻ കുബേരയുടെ പേരിൽ ചെറിയ ചെറിയ പലിശക്കാരെയും ചില്ലറ പിടിച്ചുപറിക്കാരെയുമാണ് അറസ്റ്റുചെയ്യുന്നതെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത രംഗത്തെ വൻകിടക്കാർക്കെതിരെ നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 511, 468, 407, 420 എന്നീ വകുപ്പുകൾ പ്രകാരവും കേരള മണിലെന്റേഴ്സ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവും 2012-ലെ കേരള പ്രൊഹിബിഷൻ ഓഫ് ചാർജിംഗ് എക്സ്ക്ലോർബിറ്റന്റ് ഇന്റെറസ്റ്റ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവുമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്. ഇതിനുപുറമെ 5 പേർക്കെതിരെ കാപ്പ പ്രകാരം നടപടികൾ സ്വീകരിക്കുകയും ഒരാൾക്കെതിരെ (കോഴിക്കോട് സിറ്റി) കാപ്പ പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടറുടെ പരിഗണനയിലുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓപ്പറേഷൻ കുബേര രണ്ടാംഘട്ടം

201 (3022) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ രണ്ടാംഘട്ടത്തിൽ എത്ര കേസ്സുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) അന്യസംസ്ഥാനക്കാരായ അമിത പലിശക്കാർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഓപ്പറേഷൻ കുബേരയുടെ രണ്ടാംഘട്ടത്തിൽ (25-10-2014 മുതൽ 21-6-2015 വരെ) ആകെ 335 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 175 പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.